**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3852** **06-08-2021 - ൽ മറുപടിയ്ക്ക്**

**പെരിയാർവാലി ഇറിഗേഷന്റെ സ്ഥലം വിട്ടുനൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന പഞ്ചായത്തിൽ അയിരൂർപാടം, ആമല, പുലിമല, ആയപ്പാറ പ്രദേശങ്ങളിൽ പൊതുകളിസ്ഥലം ഇല്ലാത്തതിനാൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ (പി.വി.ഐ.പി) ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം പൊതുകളിസ്ഥലം നിർമ്മിക്കുവാൻ പഞ്ചായത്തിന് വിട്ടുനൽകണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കളിസ്ഥലത്തിന് ഭൂമി വേണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യവും അതോടൊപ്പം പ്രസ്തുത സ്ഥലം നിലവിൽ കളിസ്ഥലമായി ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ടി സ്ഥലത്തെ അനധികൃത കയ്യേറ്റം ചൂണ്ടിക്കാട്ടി ശ്രീ.എൻ.എം. മത്തായി ഫയൽ ചെയ്ത WP(C) 10386/2011 നമ്പർ കേസിനെതുടർന്ന് നിലവിലെ സ്ഥിതി തുടരുവാനും സർക്കാർ പുറംപോക്ക് അനധികൃതമായി ആരെങ്കിലും കയ്യേറുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും തടഞ്ഞിരിക്കുകയാണ്. |
| (ബി) | പി.വി.ഐ.പി ഹൈലെവൽ കനാലിന്റെ നിർമ്മാണത്തിന് ശേഷം ഉപയോഗിക്കാതെ കിടന്ന പ്രസ്തുത സ്ഥലം നാട്ടുകാർ കളിസ്ഥലമായും മറ്റ് പൊതുപരിപാടികൾക്കുമായി കഴിഞ്ഞ മുപ്പത്തിയെട്ട് വർഷമായി ഉപയോഗിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കളിസ്ഥലത്തിന് ഭൂമി വേണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യവും അതോടൊപ്പം പ്രസ്തുത സ്ഥലം നിലവിൽ കളിസ്ഥലമായി ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ടി സ്ഥലത്തെ അനധികൃത കയ്യേറ്റം ചൂണ്ടിക്കാട്ടി ശ്രീ.എൻ.എം. മത്തായി ഫയൽ ചെയ്ത WP(C) 10386/2011 നമ്പർ കേസിനെതുടർന്ന് നിലവിലെ സ്ഥിതി തുടരുവാനും സർക്കാർ പുറംപോക്ക് അനധികൃതമായി ആരെങ്കിലും കയ്യേറുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും തടഞ്ഞിരിക്കുകയാണ്. |
| (സി) | പ്രസ്തുത സ്ഥലം പ്രദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്തിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി വിട്ട് നൽകുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കാമോ? | (സി) | ഹൈ ലവൽ കനാലിന്റെ നിർമ്മാണത്തിനായി സർക്കാർ പൊന്നും വിലക്കെടുത്ത പ്രസ്തുത സ്ഥലം excavated materials stack ചെയ്യുന്നതിനായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ജലസേചന വകുപ്പിന്റെ ഭാവി വികസനത്തിന് ഈ ഭൂമി ആവശ്യമാണ്. എന്നിരുന്നാലും പഞ്ചായത്ത് അധികൃതർ ശരിയായ മാർഗ്ഗത്തിലൂടെ പ്രൊപ്പോസൽ സമർപ്പിച്ചാൽ ഈ |

| | | | |
|---|---|---|---|
| | | | വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ